LIBRARY ARCHIVES Kerala Legislative Assembly

അധിക തസ്തികകൾ നിർത്തലാക്കൽ -സംബന്ധിച്ച്

116 (462) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും-വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുള്ള തസ്തികകൾ എത്രയായിരുന്നുവെന്നും ഇവയിൽ 2014-15 വർഷത്തിൽ നിർത്തലാക്കുമെന്ന് പ്രഖ്യാപിച്ചത് എത്ര ശതമാനം ആയിരുന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) ഈ വർഷം നിർത്തലാക്കുന്ന തസ്തികകൾ കണ്ടെത്തിയിട്ടുണ്ടോ ; അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; നിർത്തലാക്കുന്ന തസ്തികകളിൽ ജോലി നോക്കി വരുന്നവരെ സംബന്ധിച്ച സർക്കാർ തീരുമാനം വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാർ അധിക തസ്തികകൾ കണ്ടെത്തിയിട്ടില്ല

(ബി) ബാധകമല്ല.

വേതന പരിഷ്കരണത്തിന് വകയിരുത്തേണ്ട തുക

117 (463) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ജൂലൈ 1 മുതൽ ജീവനക്കാരുടെയും അധ്യാപകരുടെയും വേതനം പരിഷ്കരിക്കുന്നതിന് 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ആയിരുന്നു ;

(ബി) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വേതന പരിഷ്കരണത്തിനായി എത്ര കോടി രൂപ വകയിരുത്തേണ്ടതുണ്ട് ; ഇത് സംബന്ധിച്ച് പൊതുഭരണ വകുപ്പിൽ നിന്നും ലഭിച്ച നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും വേതനം പരിഷ്കരിക്കുന്നതിനുവേണ്ടിയുള്ള വിഹിതം 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

(ബി) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 2015 മാർച്ച് 13-നാണ് നിയമസഭയിൽ അവതരിപ്പിക്കുന്നത്. ആയതിനാൽ പ്രസ്തുത ബഡ്ജറ്റുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അതിനുശേഷം മാത്രമേ നൽകുവാൻ സാധിക്കുകയുള്ളൂ.